


# ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ

## 2019

### ആരോഗ്യമാതാ ഹൈസ്കൂൾ കോട്ടത്തറ

# ആരോഗ്യമാതാ ഹൈസ്കൂൾ കോട്ടത്തറ





കൈറ്റ്സ് മക്കൾ തയാറാക്കുന്ന മാഗസിൻ അവരുടെ സർഗാത്മക കഴിവുകളുടെ വളർച്ചയാണ്.ഇനിയും വളരുവാനും ഉയരുവാനുമുള്ള കൃപ ദൈവം നൽകട്ടെയെന്ന് ആശംസിക്കുന്നു.ഏവർക്കും അഭിനന്ദനങ്ങൾ

പ്രധാനാധ്യാപിക

അന്നമ്മ തോമസ്




## ആരോഗ്യമാതാ ഹൈസ്കൂൾ കോട്ടത്തറ

# എഡിറ്റോറിയൽ ബോർഡ്



## ഉള്ളടക്കം


തുടിതാളം തേടി.......7
നിശാഗന്ധി.......8
എന്റെ കേരളം.......9
സഹപാഠി.......10
കടൽവെള്ളത്തിന്റെ രസതന്ത്രം.......11
തവളകളുടെ വിവേകം.......12
ഇനിയും.......13
നീ ഉറക്കം നടിക്കുക.......13
ലഹരി എന്ന ആപത്ത്.......14
ആനയും തയ്യൽക്കാരനും.......15
മണ്ണിനും മനുഷ്യനും വേണ്ടി.......16
ഓട്ടം.......16
മാർക്കിലേക്കൊരു മാർഗ്ഗം.......18
കുരുവി.......20
നൻമകൾ വിരിയട്ടെ.......21
മടക്കുപർവതങ്ങൾ.......23
കിനാവുകളുടെ രണ്ടാം ബാല്യം.......23
വൃത്തിയുള്ള നാട്ടിൽ.......24
ആരോഗ്യമുള്ള ജനത.......24
നേതാജി സുഭാഷ് ചന്ദ്രബോസ്.......25
സെൻകഥ.......26
ഉത്തരേന്ത്യൻ എക്കൽസമതലങ്ങൾ.......29
സർഗതാളങ്ങൾ.......30
കേരളം.......31
ചാർലി ചാപ്ലിൻ.......32
പുലയൻപാട്ട്.......33
കിണറ്റിൽ വീണ കുറുക്കൻ.......34
കണ്ണീരും കിനാവും വി.ടി. ഭട്ടതിരിപ്പാട്.......35

മഹത് വചനങ്ങൾ....36
നീർപ്പക്ഷികൾ....37
കുട്ടിയും തള്ളയും....38
പൊതുവിജ്ഞാനം....39
പൂതപ്പാട്ട്....40

# തുടിതാളം തേടി...

നമ്മുടെ മാതാവു-കൈരളി-പണ്ടൊരു
പൊന്മണിപ്പൈതലായ് വാണ കാലം-
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ,
ഏടലർച്ചെങ്കാൽചിലങ്ക കിലുങ്ങുമാ-
റോടിക്കളിച്ചു രസിച്ച കാലം-
പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വറ്റയിട്ടില്ലാത്ത പൂങ്കണ്ണത്താൽ
പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം

പണ്ടത്തെപ്പാട്ടുകൾ (വള്ളത്തോൾ)

സമ്പാദനം പ്രിയ

IX B

# നിശാഗന്ധി

നിശതൻ സൗന്ദര്യമാകുന്ന പൂവേ
നിനക്കീ  സുഗന്ധം ആരു തന്നു
രാത്രിയെ പ്രണയിച്ച നിശാഗന്ധി
നീയൊരു ദേവസ്ത്രീയാകാത്തതെന്തുകൊണ്ട്.
നിൻ  വെൺമ  കണ്ട് ഞാൻ സംശയിക്കുന്നു
നിൻ  അമ്മയാണോ നിലാവെന്ന്.
നിൻ  ചൈത്രമാം മുഖബിംബം മൂലം
രാത്രി എത്ര മനോഹരി....

അശ്വതി എസ്.ലാൽ................

സമ്പാദനം   ജിവൻ.എസ്.

IX A

# എന്റെ കേരളം

*1) കേരള സംസ്ഥാനം രൂപീകൃതമായതെന്ന്?*

*ഉ) 1956 നവംബർ 1*

*2) കേരളത്തിൽ എത്ര ദേശീയ പാതകൾ ഉണ്ട്?*

*ഉ) 9*

*3) കേരളത്തിന്റെ വിസ്തീർണ്ണം എത്ര?*

*ഉ) 38863 ച.കി.മി.*

*4) കേരളത്തിലെ ഉയരം കൂടിയ കൊടുമുടി?*

*ഉ) ആനമുടി*

*5) ഏറ്റവും വലിയ ജില്ല ഏത്?*

*ഉ) പാലക്കാട്*

*6) ജനസംഖ്യ കൂടിയ ജില്ല ഏത്?*

*ഉ) തിരുവനന്തപുരം*

*7) ജനസംഖ്യ കുറഞ്ഞ ജില്ല ഏത്?*

*ഉ) വയനാട്*

*8 ഏറ്റവും വലിയ കായൽ ഏത്?*

*ഉ) വേമ്പനാട്ട് കായൽ*

*9) ഏറ്റവും വലിയ ശുദ്ധജല തടാകം ഏത്?*

*ഉ) ശാസ്താം കോട്ട കായൽ*

*10) ഏറ്റവും നീളം കൂടിയ നദി?*

*ഉ) പെരിയാർ*

*11) ഏറ്റവും നീളം കുറഞ്ഞ നദി ഏത്?*

*ഉ) മഞ്ചേശ്വരം പുഴ*

*12) ഏറ്റവും വടക്കേയറ്റത്തുള്ള നദി ഏത്?*



*ഉ) മഞ്ചേശ്വരം പുഴ*

*13 എറ്റവും തെക്കേയറ്റത്തുള്ള നദി ?*

*ഉ) നെയ്യാർ*

*14) റെയിൽവേസ്റ്റഷനുകൾ കൂടുതലുള്ള ജില്ല ?*

*ഉ) തിരുവനന്തപുരം*

*15) വനപ്രദേശം കൂടുതലുള്ള ജില്ല ?*

*ഉ) ഇടുക്കി*

*16) വനപ്രദേശം കുറഞ്ഞ ജില്ല ?*

*ഉ) ആലപ്പുഴ*

---

# സഹപാഠി

എന്റെ സ്വന്തം കൂട്ടുകാരി,
എന്നുമെന്റെ കൂട്ടുകാരി.
സ്നേഹിക്കാനെന്നെ പഠിപ്പിച്ചവൾ
സ്നേഹത്തിൻ കടലാണവൾ.
പുഞ്ചിരിക്കും മുഖമുള്ളവൾ
പാവമാണവൾ, പാവയല്ലവൾ.
നൻമ നിറഞ്ഞ ഹൃദയമുള്ള
എന്റെ പ്രിയ കൂട്ടുകാരി.

ലക്ഷ്മി.എസ്

സമ്പാദനം മനോജ്.എം IX A

# കടൽവെള്ളത്തിന്റെ രസതന്ത്രം

സമുദ്രജലത്തിലെ ലവണത്വത്തിൽ മുഖ്യഭാഗം സോഡിയം ക്ലോറൈഡ് (കറിയുപ്പ്) ആണ്. ഇവ കൂടാതെ മഗ്നീഷ്യം ക്ലോറൈഡ്,മഗ്നീഷ്യം സൾഫേറ്റ്,കാൽസ്യംസൾ ഫേറ്റ്,പൊട്ടാസ്യം സൾഫേറ്റ്,കാൽസ്യം കാർബണേറ്റ് മുതലായ മൂലകങ്ങളും സമുദ്രജലത്തിൽ അലിഞ്ഞുചേരുന്നിരിക്കുന്നു.ഇവയിൽ പലതും വാണിജ്യാടിസ്ഥാനത്തിൽ വേർതിരിച്ചെടുക്കാവുന്നതാണ്. എന്നാൽ ചില മൂലകങ്ങൾ നാമമാത്രമായിരിക്കും.ഇവയെ വേർതിരിച്ചെടുക്കാനുള്ള ചെലവ് വളരെ കൂടുതലാണ്.

സമ്പാദനം: അനിഷ ബി

# തവളകളുടെ വിവേകം

വളരെക്കാലമായി മഴപെയ്തിട്ട്. വേനൽക്കാലം കടുത്തു.ഇനിയിപ്പോൾ എന്തുചെയ്യും?കിട്ടുത്തവള മിട്ടുത്തവളയോടു ചോദിച്ചു. തടാകങ്ങളും കുളങ്ങളുമെല്ലാം വറ്റിവരണ്ടു.വെള്ളം കിട്ടാതെ നമ്മൾ രണ്ടുപേരും ചത്തുപോകും,മിട്ടു പറഞ്ഞു. രണ്ടുപേരും വെള്ളമുള്ള സ്ഥലമന്വേഷിച്ചുനടക്കാൻ തുടങ്ങി. അവസാനം അവർ ഒരു കിണറിന്റെ സമീപത്തെത്തി. കിണറിന്റെ വാക്കല്ലിൽ ചാടിക്കയറി അവർ താഴേക്കു നോക്കി. ദാ വെള്ളം ഓളംവെട്ടുന്നു.ഇരുവർക്കും സന്തോഷമായി രക്ഷപ്പെട്ടു, നമുക്കു താഴേക്കു ചാടാം.മിട്ടു പറഞ്ഞു.പക്ഷേ, കിട്ടു അല്പമാലോചിച്ചു.വരട്ടെ.ചാടിയാൽ പിന്നെ നാം എങ്ങനെ പുറത്തുകടക്കുംഅവൻ ചോദിച്ചു.എന്തിനു പുറത്തുകടക്കണം? നമുക്ക് അവിടെ ആവശ്യംപോലെ വെള്ളം കിട്ടുമല്ലോ. മിട്ടു ചോദിച്ചു. അതു ശരിയാണ്.പക്ഷേ, ഈ കിണറും വറ്റിപ്പോയാലോ? പിന്നെ പുറത്തുവരാൻ കഴിയാതെ നാം അവിടെത്തന്നെ മിട്ടുവിനും കാര്യം മനസ്സിലായി.

ഗായത്രി.എം

IX A

# ഇനിയും

# നീ ഉറക്കം നടിക്കുക

ഇനിയും നീ ഉറക്കം നടിക്കുക...
ചൂണ്ടുവിരലുകലളും
മറു മൊഴികളെയും
നിനക്ക് വകഞ്ഞ് മാറ്റാം..
കണ്ണടച്ചിരുട്ടാക്കുമ്പോൾ..
രാത്രിയുടെ പിൻ പറ്റി
പകലോനുണരുമെന്നറിയാതെ
ഇനിയും നീ ഉറക്കം നടിക്കുക....
സ്നേഹം പൂങ്കയിൽനാദം
പൊഴിക്കുമ്പോഴും
മാരിവിൽ വർണ്ണം വിതറുമ്പോഴും
ഇനിയും നീ ഉറക്കം നടിക്കുക..
ഉറക്കമുണർന്നവർക്ക് മുന്നിൽ
ഉണർവ്വിൻ പാത തുറന്ന്
നിൽക്കുമ്പോൾ
പൂവിരിച്ച പാത മുന്നിലെത്തും വരെ
ഇനിയും നീ ഉറക്കം നടിക്കുക..
ദുരഭിമാനം താരാട്ടുപാട്ടുമായി
കൂടെ തന്നെ നിൽക്കുന്നിടം വരെ
ഉറക്കം നടിച്ച് കിടക്കുക..
സ്വപ്നം കണ്ടുറങ്ങുന്നതെങ്കിലും

സ്വപ്നം കാണാതെ
ഇനിയും നീ ഉറക്കം നടിക്കുക

സമ്പദക.അശ്വതി.എ ,IX A

# ലഹരി എന്ന ആപത്ത്

മദ്യത്തിൻെയും മയക്കുമരുന്നിന്റെയും വിപത്തുകളെപ്പറ്റി
എല്ലാവർക്കും അരറിയാമല്ലോ
ഒരിക്കലും ഈആപത്തിൽ പെട്ടുപോകരുതെ
ശരിയല്ലാത്ത കൂട്ടുകെട്ടും ദുശ്ശീലങ്ങൾ വളർത്തുന്ന
സാഹചര്യവും ഒഴിവാക്കണം.
മദ്യവും മയക്കുമരുന്നും നിങ്ങളിലെ
യഥാർത്ഥക്തിത്വത്തെ ഇല്ലാതാക്കും.കഴിവുകളെ നശിപ്പിക്കും.
സ്നേഹബന്ധങ്ങളെ സാമൂഹികബന്ധങ്ങളും ഇല്ലാതാക്കും.
മാതാപിതക്കളെയും ഉറ്റമിത്രങ്ങളെയും വെറുപ്പിക്കും
സമൂഹം അകറ്റി നിർത്തുന്ന ഒരാൾക്ക് നാടിനുവേണ്ടി
ഒന്നും ചെയ്യാനാവുകയില്ല
മയക്കുമരുന്നിനെതിരെയുള്ള പ്രവർത്തനത്തിന്
നാം മുന്നിട്ടിറങ്ങണം
ചുറ്റുമുള്ള ആരെങ്കിലും തെറ്റായ
വഴിയിൽ സഞ്ചരിക്കുന്നുവെന്ന്
അറിഞ്ഞാൽ ആ വിവരം
അധ്യാപകരോട് പറയാൻ മടിക്കരുത്



# ആനയും തയ്യൽക്കാരനും

ഒരിടത്ത് ഒരാനയുണ്ടായിരുന്നു.ദിവസവും ആനക്കാരൻ അതിനെ കുളിപ്പിക്കാൻ കൊണ്ടുപോകും.പോകുന്ന വഴിയിൽ ഒരു തയ്യൽക്കടയുണ്ടായിരുന്നു. തയ്യൽക്കാരന് ആനയെ വലിയ ഇഷ് ടമായിരുന്നു.അയാൾ ദിവസവും ആനയ്ക്ക് തിന്നാൻ എന്തെങ്കിലും കൊ ടുക്കും. കടയുടെ മുമ്പിൽ എത്തുമ്പോൾ ആന തുമ്പിക്കൈ നീട്ടുക പതിവായി.

ഒരു ദിവസം തയ്യൽക്കാരന് ഒരു കുസൃതി തോന്നി. ആന പതിവുപോലെ തുമ്പിക്കൈ നീട്ടി.തയ്യൽക്കാരൻ തുമ്പിക്കൈയിൽ സൂചികൊണ്ട് ഒരു കുത്തു കൊടുത്തു. ആനയ്ക്ക് നന്നായി വേദനിച്ചു. തയ്യൽക്കാരൻ പൊട്ടിച്ചിരിച്ചു.ആന മിണ്ടാതെ പോയി. തയ്യൽക്കാരനെ ഒരു പാഠം പഠിപ്പിക്കണമെന്ന് ആന തീരുമാനിച്ചു. അടുത്ത ദിവസം കുളി കഴിഞ്ഞപ്പോൾ ആന തുമ്പിക്കൈ നിറയെ വെള്ളമെടുത്തു. ആന തയ്യൽക്കടയുടെ അടുത്തെത്തി.പെട്ടെന്ന് തുമ്പിക്കൈയുയർത്തി വെള്ളം മുഴുവൻ കടയിലേക്ക് ചീറ്റി ഒഴിച്ചു.

തയ്യൽക്കാരനും അവിടെയുണ്ടായിരുന്ന തുണിയുമെല്ലാം വെള്ളത്തിൽ കുതിർന്നു.

സമ്പാദക അനിഷ ബി IX A

# മണ്ണിനും മനുഷ്യനും വേണ്ടി

**മനുഷ്യന്റെ ഏറ്റവും പ്രാഥമികമായ ആവശ്യങ്ങൾ മൂന്നാണ് - പ്രാണവായു, വെള്ളം,ഭക്ഷണം. ഇവയെല്ലാം നമ്മുടെ ചുറ്റുപാടിലെ മണ്ണിനെ ആശ്രയിച്ചിരിക്കുന്നു. മണ്ണിനും ജലത്തിനും ശുദ്ധവായുവിനും പ്രധാന്യം നൽകാത്ത വികസനമാണ് ഇന്ന് നടക്കുന്നത്. മണ്ണിനെ നാം ശ്വാസംമുട്ടിച്ച കൊല്ലുന്നു. കോൺക്രീറ്റ് മിനുക്കുന്നതാണ് നാടിന്റെ പരിഷ്കാരമെന്നു വിചാരിച്ച പണത്തിനു പിറകെ പായുന്നു. മണ്ണ് ജീവനാണ്, കോടാനുകോടി ജീവികളുടെ ആവാസസ്ഥാനമാണ്. അത് തിരിച്ചരിയാത്തതുകൊണ്ടാണ് പലപ്പോഴും നമ്മുടെ കൃഷി പരാജയമാകുന്നത്. മണ്ണിന്റെ ആരോഗ്യമാണ് മനുഷ്യനും ആരോഗ്യം പ്രദാനം നൽകുന്നത്. മണ്ണിനോട് ചേർ ന്നുനിൽക്കുന്നതിന്റെ ആഹ്ലാദം നമ്മുടെ കുഞ്ഞുങ്ങളെ ബോധ്യപ്പെടുത്തണം. ഓരോ വീട്ടുമുറ്റത്തും വേണം കൃഷി.**

**സുഗതകുമാരി**

---

## ഓട്ടം

ഒരു ചെന്നായ വല്ലാതെ വിശന്നു നടക്കുകയായിരുന്നു അപ്പോഴാണ് ഒരു മുയലിനെ കണ്ടത്. പിന്നാലെ പാഞ്ഞു. പക്ഷേ,മുയൽ ചെന്നായയുടെ പിടിയിൽ പെടാതെ ഓടി രക്ഷപ്പെട്ടു കളഞ്ഞു.

'ഓ, പോയതുപോട്ടെ. വെറെ വല്ല ജീവിയെയും നോക്കാം.' അങ്ങനെ ചിന്തിച്ചു കൊണ്ട് ചെന്നായ മടങ്ങി. ഇതെല്ലാം കണ്ടു കൊണ്ട് നിന്നിരുന്ന ആട്ടിടയൻ ചെന്നായയെ കളിയാക്കി.

"നീ വലിയ കേമനായ നായാട്ടുകാരാൻ തന്നെ. വലിയ ഓട്ടക്കാരനാണെന്നു ഭാവം. ഒരു മുയലിനെ ഓടിച്ചു പിടിക്കാൻ പോലും കഴിയാത്തവൻ. നിന്റെ നാലിലൊന്നു പോലും ഇല്ലല്ലോ ആ മുയൽ എന്നിട്ടും......നാണമില്ലല്ലോ....."

"ഞാനെന്തിനു നാണിക്കണം?"

ചെന്നായ ചോദിച്ചു: "ഞാൻ ഓടിയത് ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടിയാണ്. ഇതല്ലെങ്കിൽ വേറെ കിട്ടും. എന്നാൽ മുയലോ സ്വന്തം ജീവൻ രക്ഷിക്കാൻ വേണ്ടിയാണ് ഓടിയത്. ജീവൻ പോയാൽ വേറെ കിട്ടുമോ?" ആട്ടിടയന് ഒരുമറുപടിയും ഉണ്ടായിരുന്നില്ല.

സമ്പാദക

***പവിത്ര M IX A***

# മാർക്കിലേക്കൊരു മാർഗ്ഗം

1. "കാശ്മീർ ഇല്ലാത്ത ഇന്ത്യ കണ്ണില്ലാത്ത മനുഷ്യനെപ്പോലെയാണ് "എന്നു പറഞ്ഞ മുഗൾചക്രവർത്തി ആരാണ്?

ഉ. ജഹാംഗീർ

2. 'ഹൈറോഗ്ലിഫിക്സ്' ഏതു കാലഘട്ടത്തിലെ (സംസ്കാരത്തിലെ) എഴുത്തു രീതിയാണ്?

ഉ.ഈജിപ്ത് സംസ്കാരകം

3.ലോക അത് ലറ്റിക്സിൽ സ്വർണം നേടുന്ന ആദ്യ ഇന്ത്യൻ താരം ആര്?

ഉ. ഹിമ ദാസ്(അസ്സാം)

4.മഹാഭാരതത്തിൽ പുണ്ഡരിക് ദേശം എന്നു പ്രതിപാദിക്കുന്ന പ്രദേശം ഏത്?

ഉ.ജാർഖണ്ഡ്

5.ലോകത്തിലെ ഏറ്റവും പഴക്കമുള്ള തടാകം, ഏറ്റവും കൂടുതൽ ശുദ്ധജലം ഉൾകൊള്ളുന്ന തടാകം എന്നീ വിശേഷണമുള്ള തടാകം ഏത്?

ഉ.ബെയ്ക്കൽ തടാകം(റഷ്യ)

6.2016-ലെ 52 മത്തെ ജ്ഞനപീഠ പുരസ്കാരത്തിന് അർഹനായ സാഹിത്യകാരൻ ആര്?

ഉ.ശശാങ്ക ഘോഷ്(ബംഗാൾ)

7.'ഒയിറീക്റ്റസ് ' എന്നത് ഏതു രാജ്യത്തിൻെറ പാർലമെൻെറാണ് ?

ഉ.അയർലാൻ്റ

8.'കേരള യോഗീശ്വൻ ' എന്നറിയപ്പെടുന്നത് ആര് ?

ഉ. ചട്ടമ്പിസ്വാമികൾ

9.'അഖിലത്തിരട്ട് ' എന്ന ഗ്രന്ഥം എഴുത്തിയ കേരളത്തിലെ

സാമൂഹ്യപരിഷ്കർത്താവ് ?

ഉ.വൈകുണ്ഠസ്വാമികൾ

10.ഓസോൺ പാളിയുടെ കനം അളക്കുന്നത് ഏതു യൂണിറ്റിലാണ്?

ഉ.ഡോബ്സൺ യൂണിറ്റ്



ബെയ്ക്കൽ തടാകം

# കുരുവി

കുരുവീ,കുരുവി നീ പാട്ടു
നിന്നുടെ ചുണ്ടിലെ പാട്ടൊന്ന്.....
പാട്ടതു കേൾക്കും നേരത്തു
താളം കൊട്ടാൻ ഞാനില്ലേ .....

അലകളിളക്കികുഞ്ഞരുവി
കുരുവിക്കുഞ്ഞിനോടു മൊഴിഞ്ഞല്ലോ...
കിയാം കിയാം കുഞ്ഞുകുരുവി
ഇമ്പമോടാടി പാടിയല്ലോ.........

അരുവിക്കരയിൽ ഗാനം കേൾക്കാൻ
കുരുവിക്കൂട്ടം വരവായി.........
അരുവിയും കുരുവിയും കൂട്ടമായി
ഈ കഥ കാട്ടിൽ പാട്ടായി........



# നൻമകൾ വിരിയട്ടെ

ജിവിതം അത് സുഖദുഖസമ്മിശ്രം
നന്മതിൻമകൾ തൻ പൂക്കൾ വിടരും
സൗന്ദര്യമേകും സുന്ദര നൻമ തൻ
പുഷ്പങ്ങളാൽ......

സ്വർഗനഗരത്തിൽ മധ്യബിന്ദുവാം
ജിവിതത്തെ നൻമ പൂരിതമാക്കിയാലും
തിൻമ നൽകും ആനന്ദം നരക-
ജിവനേകും മർത്യരേ......
നൻമ നൽകും ദുഖം സ്വർഗ-
തുല്യമാക്കും ജിവിതം മർത്യരേ..

മതമെന്ന പേരിൽ ജാതിയെന്ന പേരിൽ
വർണമെന്ന പേരിൽ .....
ഭൂമുഖമാകെ തിൻമ വിതയ്ക്കും മർത്യമേ

ഓർക്കുക മർത്യരേ.......
അൽപമകലാമീ ജിവിതം
അൽപമകാലമീ

ക്ഷണികമർത്യജൻമം

വിതയ്ക്കുവിൻ മർത്യരേ
നൻമതൻ വിത്തുകൾ
കൊയ്യുക മർത്യരേ...
നന്മ തൻ ആനന്ദം....

നിറയ്ക്കുക മർത്യരേ മാനത്തെ
നൻമതൻ സസ്യങ്ങളാൽ
നൻമതൻ പൂക്കൾ..
വിരിയട്ടെ നിൻ മാനസത്തിൽ

(ഗ്ലിറ്റി സിബി)
(x-b)

---

## മടക്കുപർവതങ്ങൾ

സംയോജകസീമകളിൽ ശിലാമണ്ഡലഫലകങ്ങളുടെ സമ്മർദഫലമായി ശിലപാളികൾക്ക് വലനം (folding) സംഭവിക്കാറുണ്ട്. ഇതുമൂലം രൂപംകൊള്ളുന്ന പർവതനിരകളാണ് മടക്കപർവതനിരകൾ(fold mountains).ഹിമാലയം, ആൽപ്സ് , ആന്റീസ്,അറ്റ്ലസ് എന്നിവയൊക്കെ മടക്കപർവതനിരകളാണ്. ഹിമാനികൾ

മഞ്ഞുമൂടിയ ഉയർന്ന പ്രദേശങ്ങളിൽനിന്ന് ഭീമാകാരമായ മഞ്ഞുപാളികൾ താഴ്വരയിലേക്ക് സാവധാനം നീങ്ങുന്നു. ഇപ്രകാരം നിങ്ങുന്ന മഞ്ഞുപാളികളാണ് ഹിമാനികൾ.

സമ്പാദക: റോഷ്നിപ്രിയ ആർ

IX A

## കിനാവുകളുടെ രണ്ടാം ബാല്യം

ഇന്നലെകളെ മറന്ന്
ഇന്നിന്റെ വേഗതക്കൊപ്പം
എത്ര ഓടിയിട്ടും
എത്താനാവുന്നില്ല...
ഇന്നലെകളിലെ
'മാധുര്യ' വും
ഇന്നിന്റെ'നവരസ'ങ്ങളും കടന്ന്...
നാളെയിലേക്ക് എത്തുമ്പോൾ
ഞാനെന്റെ രണ്ടാം ബാല്യത്തിൽ
ആയിരിക്കുംഅവിടെ,
നിറം മങ്ങുന്ന കാഴ്ചകൾക്ക്
നിറമാകാനും
വേച്ച പോകുന്നകാലടികൾക്ക്
ഊന്നുവടിയാകാനുംഓർമ്മച്ചുഴിയിൽ

പെട്ടുഴറുമ്പോൾ
പിടിവള്ളിയാകാനും
ഇന്നിന്റെകിനാവുകളുണ്ടാവണം
നാളെയുടെപ്രതിക്ഷകളാവുന്ന
ഇന്നത്തെകിനാവു'കൾ
ഇഷ്ടാനിഷ്ടങ്ങൾ ത്യജിച്ച്...
കാത്തു വെയ്ക്കുന്ന കിനാവുകൾ...
'പ്രതീക്ഷകളുടെ കിനാവ്'...

## വൃത്തിയുള്ള നാട്ടിൽ

## ആരോഗ്യമുള്ള ജനത

ചുറ്റുപാട് വൃത്തിഹീനമായാൽ രോഗാണുക്കൾ പെരുകും.അവ അനേകതരം രോഗങ്ങൾ ഉണ്ടാക്കും ഒന്നു മനസ്സുവെച്ചാൽ ചുറ്റുമുള്ള മാലിന്യങ്ങൾ
നമുക്ക് ഇല്ലാതാക്കാം.

മാലിന്യങ്ങളെ മൂന്നായിതരംതിരിക്കാം
ലോഹമാലിന്യങ്ങൾ അതു ശേഖരിക്കുന്നവർക്കു നൽകാം
ജൈവമാലിന്യങ്ങൾ പച്ചക്കറിക്കൃഷിക്ക് ഉപയോഗിക്കും
പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിതകർമ്മസേനയ്ക്കു നൽകാം
മാലിന്യത്തിൽനിന്ന് കബോസ്റ്റും ജൈവവാതകവും ഉണ്ടാക്കുന്ന പ്ലാന്റുകൾ ഉണ്ടല്ലോ. അവ നമുക്കു പരീക്ഷിച്ചുകൂടേ?

വീടുകൾ മാത്രം വൃത്തിയായാൽ പോരാസ്ഥലങ്ങളും പൊതുസ്ഥലങ്ങളും വൃത്തിയാകണം.ഇടവഴികളും നടവഴികളും വൃത്തിയാകണം.ഉച്ചഭക്ഷണം കഴിഞ്ഞ് കൈ കഴുകുന്ന വെള്ളം കെട്ടിക്കിടക്കാതെ പച്ചക്കറിക്കൃഷിക്ക് ഉപയോഗിക്കാം

സമ്പാദനം

സെലീന.ആർ

IX.A

## നേതാജി സുഭാഷ് ചന്ദ്രബോസ്

**ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ജ്വലിക്കുന്ന ഓർമയാണ് സുഭാഷ് ചന്ദ്രബോസ് . ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണകൂടത്തിനെതിരെ വിദേശത്ത് നിന്നുകൊണ്ട് യുദ്ധം നയിച്ച പടത്തലവൻ. ഇതിനായി ഇന്ത്യൻ നാഷണൽ ആർമി(INA) എന്നൊരു സൈന്യം തന്നെ രൂപികരിച്ചു.ഒടുവിൽ എങ്ങോ മറഞ്ഞു.**



**ഒർലാണ്ടൊ മസ്സോട്ട**

**1940 ൽ സുഭാഷ് വീട്ടുതടങ്കലിലായി. 1941 ജനുവരി 7 ന് അർധരാത്രിയിൽ വീട്ടുതടങ്കലിൽ നിന്ന് അപ്രത്യക്ഷനായ നേതാജി പിന്നെ പ്രത്യക്ഷപ്പെട്ടത് ജർമ്മനിയിലാണ്. ജർമ്മനിയിലെ യുദ്ധത്തടവുകാരെ സംഘടിപ്പിച്ച് ഇന്ത്യൻ ലീജിയെൻ എന്ന സൈനിക സംഘടനയ്ക്ക് സുഭാഷ് രൂപം നൽകി. ഒർലാണ്ടോ മസ്സോട്ട എന്ന രഹസ്യപേരിലാണ് ബോസ് ജർമ്മനിയിൽ അറിയപ്പെട്ടിരുന്നത്.**

# സെൻകഥ

ഗുരു ശിഷ്യർക്കു മുന്നിലെത്തി.

അന്നേരംകിളിവാതിലിലൊരു പക്ഷി വന്നിരുന്നു

അതു പാടാൻ തുടാങ്ങി. അവർ ആ പാട്ടിൽ ലയിച്ചിരുന്നു.

പക്ഷി പറന്നുപോയപ്പോൾ ഗുരു പറഞ്ഞു

ഇനി പൊയ്ക്കോളൂ. ഇന്നത്തെ അധ്യയനം കഴിഞ്ഞു.



# ഉത്തരേന്ത്യൻ എക്കൽസമതലങ്ങൾ

ഇന്ത്യൻ കാർഷികമേഖലയുടെ നട്ടെല്ല് എന്നറിയപ്പെടുന്ന ഉത്തരേന്ത്യൻ സമതലങ്ങൾ ലോകത്തെ വിസ്തൃതമായ എക്കൽ സമതലങ്ങളിലൊന്നാണ്. സിന്ധുസമതലം,ഗംഗാസമതലം, ബ്രഹ്മപുത്രാ സമതലം, എന്നിങ്ങനെ മൂന്നു ഭാഗങ്ങളായി കാണപ്പെടുന്ന ഈ സമതലപ്രദേശത്തിന്റെ ഏറ്റവും വിസ്തൃതമായ ഭാഗം ഗംഗാസമതലമാണ് ഗോതമ്പ് ചോളം പയർവർഗങ്ങൾ കരിമ്പ് ചണം മുതലായ വിളകൾ ഇവിടെ കൃഷിചെയ്യുന്നു. ഇന്ത്യയുടെ ജനസംഖ്യയുടെ നല്ലൊരു പങ്ക് അധിവസിക്കുന്ന ഈ പ്രദേശം ഉത്തരേന്ത്യൻ നദികളുടെ നിക്ഷേപണ ഭൂ പ്രദേശമാണ്.



# സർഗതാളങ്ങൾ

ആ പ്രായത്തിലാണ്,
എന്നെത്തേടി
കവിത വന്നണഞ്ഞത്.
എനിക്കറിയില്ലാ,
എവിടെ നിന്നാണത് വന്നെത്തിയ-
തെന്നെനിക്കറിയില്ല.
കുളിർത്തുവിറയ്ക്കുന്ന ശിശിരത്തിൽ നിന്നോ
പതഞ്ഞൊഴുകുന്ന നദിയിൽ നിന്നോ
എങ്ങനെയാ,ണെപ്പോളാണെന്നും
എനിക്കറിയില്ല....

പാബ്ലോ നെരൂദ

കല എത്ര ദീർഘം സാധനാ ലഭ്യം
ആവൂ ജീവിതമെത്ര ഹ്രസ്വതരം

*ഗോയ്ഥേ*

# കേരളം


*ഹരിതമോഹനമായ എന്റെ സ്വന്തം നാട് പച്ചവിരിച്ച പാടശേഖരങ്ങൾ കണ്ണിനും കരളിനും കുളിർമ്മ പകരുന്നു.*



# ചാർലി ചാപ്ലിൻ

**ആരെയും കരയിക്കുന്ന ജീവിതാനുഭവങ്ങളുള്ളയാൾ.ഒപ്പം ലോകത്തെ മുഴുവൻ ചിരിപ്പിച്ച് ചിന്തിപ്പിച്ച മഹാനടൻ.ഇരുപതാം നൂറ്റാണ്ടു കണ്ട ഏറ്റവും മികച്ച ചലച്ചിത്ര പ്രതിഭ. കാലത്തിന്റെ തിരശ്ശീലയിൽ മറഞ്ഞിട്ടും സിനിമയിൽ ശബ്ദം കടന്നുവരുംമുമ്പേ ഉറപ്പിച്ച ആ താരസിംഹാസനത്തിന് ഇന്നും ഇളക്കമൊന്നും സംഭവിച്ചിട്ടില്ല.**

*ചാർലിചാപ്ലിന്റെ പ്രധാന സിനിമകൾ*



എ ഡോഗ്സ് ലൈഫ്
ദ കിഡ്
ദ ഗോൾഡ് റഷ്
സിറ്റി ലൈറ്റ്സ്
മോഡേൺ ടൈംസ്
**ദ ഗ്രേറ്റ് ഡിക്ടേറ്റർ**

# പുലയൻപാട്ട്

ഞാറുനടുമ്പോഴും മറ്റും പാടുന്നത്.കൃഷിക്ക് ആളുകളെ വിളിക്കുക,നിലമൊരുക്കക,വിതയ്ക്കുക,ഞാറു നടുക,കള എടുക്കുക,വെള്ളം തേവുക,കൊയ്യുക തുടങ്ങി എല്ലാപ്രവർത്തനങ്ങളുമായും ബന്ധപ്പെട്ട പാട്ടുകളുണ്ട്.ഞാറ്റുപാട്ടിലെ ഏതാനും വരികൾ.

"മാരി മഴകൾ ചൊരിഞ്ഞേ- ചെറു
വയലുകളൊക്കെ നനഞ്ഞേ
പൂട്ടിയൊരുക്കിക്കഴിഞ്ഞേ.
ഓമല ചെന്തില മാല - ചെറു
കണ്ണമ്മ കാളി കറമ്പി
ചാത്ത ചടയിമാരായ ചെറു
മച്ചികളെല്ലാവരും വന്നേ"



# കിണറ്റിൽ വീണ കുറുക്കൻ

ഒരു ദിവസം കുറുക്കച്ചന് ഒരക്കിടി പറ്റി.കാട്ടിലൂടെ സ്വപ്നം കണ്ടങ്ങനെ നടക്കുകയായിരുന്നു.ബ്ലിം കാൽ വഴുതി വിണത് ഒരു പൊട്ടക്കിണറ്റിൽ

പഠിച്ച പണി പതിനെട്ടും നോക്കിയിട്ടും പുറത്തു ചാടാൻ കഴിഞ്ഞില്ല.വെള്ളത്തിൽ കാലുറപ്പിച്ച ചാടാൻ കഴിയില്ലല്ലോ. എന്തു ചെയ്യാം, ഇവിടെത്തന്നെ കിടക്കാം, കുറുക്കൻ മനസ്സി ലോർത്തു.

ഒരാട് ആ വഴി കടന്നുപോവുകയായിരുന്നു.കിണറ്റിനകത്ത് എന്തോ ശബ്ദം കേട്ട് ഒന്നെത്തി നോക്കി.കിണറ്റിലൊരു കുറുക്കൻ.എന്താ കുറുക്കച്ചാരേ, കിണറ്റിലാണോ ഇപ്പോൾ കുളി ആടു ചോദിച്ചു.അല്ലെടീ സുന്ദരി ആടേ. ഈ കിണറ്റിലെ വെള്ളം നല്ല മധുരമുള്ളതാണ്.ഈ വെള്ളം കുടി കുടിച്ചാൽ. ഇപ്പോൾ എനി ക്കെന്തൊരു ശക്തി.നിനക്കു വേണമെങ്കിൽ ചാടിക്കോ.

മറ്റൊന്നും ആലോചിക്കാതെ ആട് കിണറ്റിലേക്ക് എടുത്തു ചാടി,.ഉടൻതന്നെ ആടിന്റെ മുതുകത്തു ചവിട്ടി കുറുക്കൻ പുറത്തേക്കു ചാടികരയിൽനിന്ന് കിണറ്റിനകത്തേക്ക് നോക്കി കുറുക്കച്ചാർ പറഞ്ഞു.സുന്ദരി ആടേ, എടുത്തു ചാടുന്നതിനു മുൻപ് ഒന്നാലോ

ചിക്കണം കേട്ടോ. ഇനി നീ അവിടെത്തണെ കിടന്നോ.

ഗായത്രി.എം

IX A

## കണ്ണീരും കിനാവും വി.ടി. ഭട്ടതിരിപ്പാട്

പണപ്പായസത്തിനു ശർക്കര പൊതിഞ്ഞുകൊണ്ടു വന കടലാസ് തിടപ്പള്ളിയുടടെ മേപ്പടിക്കുണ്ടിൽ സൂക്ഷിച്ചുവച്ചിരുന്നത് ആളൊഴിഞ്ഞ സമയത്ത് ഞാനെടുത്ത് വായിക്കാൻ തുടങ്ങി.ഏതാനും ഭാഗം കീറിയും ശർക്കര കിനിഞ്ഞതുകൊണ്ട് ഒട്ടിപ്പിടിച്ചും വൃത്തികെട്ട ആ കടലാസ് തിരിച്ചും മറിച്ചും പരിശോധിക്കുന്നതിനിടയിൽ തലപൊക്കി നില്ക്കുന്ന ഒരു മൃഗത്തിന്റെ ചിത്രമുള്ള പരസ്യം കണ്ണിൽ പ്പെട്ടു അതിന്നടിയിൽ വലിയ അക്ഷരത്തിൽ അച്ചടിച്ചിരുന്ന മാൻമാർ ക്ക് കുട എന്ന വാക്യം ആദ്യമായി പണിപ്പെട്ടു വായിച്ചപ്പോൾ എന്റെ മനസിൽനിന്നൊരു ആഹ്ലാദധ്വനി വിനിർഗളിക്കുകയുണ്ടായി .മാൻമാർ ക്ക് കുട എന്ന ആ ശബ്ദം എത്ര തവണ ഞാൻ ഉറക്കെ ആവർത്തിച്ചു എന്നു പറയാനാവില്ല.

സമ്പാദനം ശാരി

IX A

# മഹത് വചനങ്ങൾ

സ്നേഹമെന്നത് എല്ലായ്പ്പോഴും കൊടുക്കുന്നതാണ്.

വിവേകാനന്ദൻ

അശക്തർക്ക് ഒരിക്കലും ക്ഷമിക്കാൻ കഴിയില്ല.ക്ഷമ ശക്തരുടെ ആയുധമാണ്.

ടാഗോർ

പിഞ്ചു കുഞ്ഞിന്റെ നിഷ്കളങ്കതയും പ്രഭാതപുഷ്പത്തിന്റെ നൈർമ്മല്യവും അത്രത്തോളം ആസ്വാദ്യമായി മറ്റൊന്നില്ല.

നെഹ്റു

അഗാധമായി നാം സ്നേഹിക്കുന്നതെന്തും നമ്മുടെ ഭാഗമായി തീരും.

ഹെലൻ കെല്ലർ

വിനയമാണ് യഥാർത്ഥ വിദ്യാഭ്യാസത്തിന്റെ ഫലം.

ഡോ. സി. രാധാകൃഷ്ണൻ

ആത്മാവ് സ്വയം സംസാരിക്കുന്നതാണ് ചിന്ത

പ്ലേറ്റോ

ഒരു കുട്ടിക്ക് കിട്ടാവുന്ന ഏറ്റവും നല്ല പാഠപുസ്തകം അധ്യാപകനാണ്.

ഡോ. സി രാധാകൃഷ്ണൻ

നിഴലുകൾക്ക് കൊഴുപ്പുകൂട്ടുകയും ശൂന്യതയ്ക്ക് അസ്ഥിത്വം നൽകുകയും ചെയ്യുന്നതാണ് കവിത.

---

## നീർപക്ഷികൾ

വെള്ളത്തിൽ നടന്ന് ഇരതേടുന്ന പക്ഷികൾക്ക് പൊതുവായ ചില ശാരീരികപ്രത്യേകതകളുണ്ട്. ഇതിൽ ഏറ്റവും പ്രധാനം നീണ്ട കാലുകളും കഴുത്തുകളുമാണ്. ജലക്കെട്ടുകളിൽ നിന്ന് ഇര തേടുന്നതിന് നീണ്ട കാലുകൾ സഹായിക്കും .ജലജീവികളെ വലിയ ആയാസം കൂടാതെ കൊത്തിയെടുക്കാൻ നീണ്ട കഴുത്തും കൊക്കും ഗുണം ചെയ്യും.

ഇക്കൂട്ടരെ മൂന്നായി തിരിക്കാം. സാരസങ്ങൾ,ബകങ്ങൾ,ഞാറകൾ എന്നിവയാണവ.സാരസങ്ങളാണ് ഇക്കൂട്ടത്തിലെവലിയപക്ഷികൾ.കേരളത്തിൽ ഇവയെ കാണാറില്ല.ബകങ്ങൾ

പൊതുവെ മൂകരാണ്.വർണ്ണക്കൊറ്റികൾ ബകവർഗ്ഗക്കാരാണ്.ബകധ്യാനം എന്നൊരു ചൊല്ലുതന്നെ ഭാരതത്തിൽ പ്രചരിച്ചിട്ടുണ്ട്.ഞാറവർഗ്ഗക്കാർ പറക്കുമ്പോൾ കഴുത്തു ചുരുക്കി പിടിച്ചിരിക്കും.

സമ്പാദകൻ : അനോഷ് സണ്ണി

IX C

---

## കുട്ടിയും തള്ളയും

***ഈ വല്ലിയിൽന്ന് ചെമ്മേ- പൂക്കൾ***
***പോവുന്നിതാ പറന്നമ്മേ***

***തെറ്റീ നിനക്കുണ്ണി ചൊല്ലാം- നൽപ്പൂ***
***മ്പാറ്റകളല്ലേയിതെല്ലാം***

***മേൽക്കുമേലിങ്ങിവ പൊങ്ങീ- വിണ്ണിൽ***
***നോക്കമ്മേ, എന്തൊരു ഭംഗി***

***അയ്യോ  പോയ്ക്കൂടിക്കളിപ്പാൻ- അമ്മേ***
***വയ്യേയെനിക്കു പറപ്പാൻ***

***ആകാത്തതിങ്ങനെ എണ്ണീ- ച്ചുമ്മാ***
***മാഴ്കൊല്ലായെന്നോമലുണ്ണീ***

***പിച്ചനടന്നു കളിപ്പൂ നീയി-***

***പിച്ചകമിണ്ടോ നടപ്പൂ?***

***അമ്മട്ടിലായതെന്തെന്നാൽ- ഞാനോ-***

***രുമ്മതരാമമ്മ ചൊന്നാൽ.***

***നാമിങ്ങറിയുവതൽപം- എല്ലാ-***

***മോമനേ ദൈവസങ്കൽപം.***

***പുഷ്പ്പവാടി          എൻ. കുമാരനാശാൻ***

## പൊതുവിജ്ഞാനം

യൂറോപ്യൻമാരുടെ രേഖകളിൽ മാർത്താ എന്നറിയപ്പെടുന്ന കേരളത്തിലെ പ്രദേശം ഏത്?

ഉ)കരുനാഗപള്ളി

ആഗോളതാപനത്തിനത്തിന്റെ കെടുത്തികൾ ലോകത്തെ ബോധ്യപ്പെടുത്താൻ കടലിനടിയിൽ  മന്ത്രിസഭായോഗം ചേർന്ന രാജ്യം ഏത്?

ഉ)മാലിദീപ്

ലോകത്തിലെ ഏറ്റവും വലിയ ക്രിക്കറ്റ് സ്റ്റേഡിയം ഏതാണ്?

ഉ)മെൽബൺ സ്റ്റേഡിയം

ഭ്രൂമധ്യരേഖയെ രണ്ടു വട്ടം മുറിച്ചു കടക്കുന്ന നദിയേത്?

ഉ)കോംഗോ

ആലപിക്കാൻ ഏറ്റവും കൂടുതൽ സമയം വേണ്ട ദേശീയഗാനം ഏത് രാജ്യത്തിന്റെതാണ്?

ഉ)ഉറുഗ്വേ

ഖാസിഭാഷ സംസാരിക്കപ്പെടുന്ന സംസ്ഥാനം ഏത്?

ഉ)മേഘാലയ

ഇന്ത്യയിലെ ആദ്യ പുകയില വിമുക്ത നഗരം ഏതാണ്?

ഉ)ചണ്ഡിഗഡ്

പ്രചീനഭാരതതിലെ പ്രവേശനകവാടം ഏന്നറിയപ്പെടുന്ന ഉറമുഖം ഏത്?

***ഉ)കൊടുങ്ങല്ലൂർ***

***ഫഹദ് ജെ IX C***



# പൂതപ്പാട്ട്

***ആറ്റിൻവക്കത്തെ മാളികവീട്ടില-***
***ന്നാറ്റുനോറ്റിട്ടൊരുണ്ണി പിറന്നു***

***ഉണ്ണിക്കരയിലെക്കിങ്ങിണി പൊന്നുകൊ-***
***ണ്ടുണ്ണിയ്ക്കു കാതിൽ കാതിൽ കുടക്കടുക്കൻ***

***പാപ്പകൊടുക്കുന്നു പാലുക്കൊടുക്കുന്നു-***
***പാവക്കൊടുക്കുന്നു നങ്ങേലി***

***കാച്ചിയ മോരൊഴിച്ചൊപ്പിവടിച്ചിട്ടു-***
***കാക്കേ പൂച്ചെ പാട്ടുകൾ പാടീട്ട്***

***മാനത്തമ്പിളി മാമനെ കാട്ടീട്ട്***
***മാമു കൊടുക്കുന്നു നങ്ങേലി.***

***താഴെവച്ചാലുറുമ്പരിച്ചാലോ***
***തലയിൽ വെച്ചാൽ പേനരിച്ചാലോ***

***തങ്കക്കുടത്തിനെത്താലോലം പാടീട്ടു***
***തങ്കക്കട്ടിലിൽപട്ടുവിരിച്ചിട്ടു***

***തണുതണെപ്പുന്തൂട തട്ടിയുറക്കീട്ടു***
***ചാഞ്ഞു മയങ്ങുന്നു നങ്ങേലി.***

***ഇടശ്ശേരി***

*സമ്പാദനം അമൽജിത്ത് സിബി IX C*


Thank You!